(സി) ലഹരി മരുന്നുകൾ, ജയിലുകളിൽ എത്തുന്നതിൽ ജയിൽ ഉദ്യോഗ സ്ഥൻമാർക്ക് എന്തെങ്കിലും പങ്കുണ്ടോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധി ക്കാനായി ജയിൽ ഡി. ജി. പി. ഒരു പ്രത്യേക സ്ക്വാഡിനെ 2005 ഡിസംബർ മുതൽ നിയോഗിച്ച് മിന്നൽ പരിശോധന നടത്തിവരുന്നു. കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ജയിലുകളിലും പോലീസ് കസ്റ്റഡിയിലുമായി മരിച്ച തടവുകാർ

99 [99] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2006 ജനുവരി 15 വരെ സംസ്ഥാനത്ത് ജയിലുകളിലും പോലീസ് കസ്റ്റഡിയിലുമായി എത്ര തടവുകാർ മരിച്ചു;

(ബി) കസ്റ്റഡിയിൽമരിച്ചവർ, ജയിലിൽ റിമാന്റ് മരിച്ചവർ, ആശുപത്രിയിൽ വച്ച് മരിച്ചവർ എത്രവീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2006 ജനുവരി 15 വരെ ജയിലുകളിലും പോലീസ് കസ്റ്റഡിയിലുമായി 197 പേർ മരിച്ചിട്ടുണ്ട്.

(ബി) ജയിലിൽ സഹതടവുകാരുടെ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടിട്ടുണ്ട്. ആകെ മരണമടഞ്ഞ 197 പേരിൽ 185 പേരും ആശുപത്രിയിൽ വച്ചാണ് മരണപ്പെട്ടി ട്ടുള്ളത്.

ജയിലുകളിലെ പരാതിപ്പെട്ടികൾ

100. [100] ശ്രീ. എ. എം. ഹസ്സൻ :
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. പി. ജെ. ജോയി:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്തെ ജയിലുകളിൽ ഏതെല്ലാം അധികാരസ്ഥന്മാ രുടെ കീഴിൽ പരാതിപ്പെട്ടികൾ വച്ചിട്ടുണ്ട്; ഇവരുടെ താഴെക്കാൽ ആരുടെ കൈവശമാണ്;

(ബി) ഈ പരാതിപ്പെട്ടികൾ എപ്പോഴെല്ലാമാണ് തുറക്കുന്നതെന്നും പെട്ടികളിൽ നിക്ഷേപിക്കുന്ന പരാതികൾ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടിനെ കാണി ക്കാറുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) പരാതിയിന്മേൽ എടുക്കുന്ന നടപടി പരാതിക്കാരെ അറിയിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജിമാർ സ്ഥാപിച്ചിട്ടുള്ള പരാതി പെട്ടികൾ സംസ്ഥാനത്തെ ജയിലുകളിൽ ഉണ്ട്. അവയുടെ താക്കോൽ അതാത് ജഡ്ജിമാർ സൂക്ഷിക്കുന്നു. ഇതുകൂടാതെ ജയിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം സെൻട്രൽ ജയിലിലും, വിയ്യൂർ സെൻട്രൽ ജയിലിലും ഓരോ പരാതിപ്പെട്ടി സ്ഥാപിച്ചിട്ടുണ്ട്. പ്രത്യേക പരിഗണന ആവശ്യമായ കാര്യങ്ങളിൽ ജയിൽ ഡി. ജി. പി.-ക്ക് നേരിട്ട് പരാതികൾ സമർപ്പിക്കുന്നതിനാണിത്. താക്കോൽ ജയിൽ ഡി. ജി. പി. സൂക്ഷിക്കുന്നു.

(ബി) ജില്ലാ പ്രിൻസിപ്പൽ ജഡ്ജിമാർ സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികൾ എല്ലാമാസവും, ജയിൽ ഡി. ജി. പി. സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികൾ എല്ലാ മാസത്തിലെ പതിനഞ്ചാം ദിവസവും തുറന്ന് പരിശോധിക്കുന്നു. ബന്ധപ്പെട്ട സൂപ്രണ്ടിന്റെ അഭിപ്രായമോ വിശദീകരണമോ ആവശ്യമുള്ളവ മാത്രം സൂപ്രണ്ടുമാർക്ക് അയച്ചുകൊടുക്കുന്നുണ്ട്.

(സി) ഉണ്ട്.

ജയിലുകളിൽ രാഷ്ട്രീയ നേതാക്കൾക്ക് സന്ദർശനാനുമതി

101. [101] ശ്രീ. ജി. കാർത്തികേയൻ:
" ബി. വിജയകുമാർ:
" ടി. യു. രാധാകൃഷ്ണൻ:
" പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സെൻട്രൽ ജയിലുകളുണ്ട്; ഇവ എവിടെയെല്ലാമാണ്; ഈ ജയിലുകളിൽ രാഷ്ട്രീയ നേതാക്കൾക്ക് സന്ദർശനാനുമതി നൽകാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ എല്ലാ ബ്ലോക്കുകളും ഇവർ സന്ദർശിക്കാറുണ്ടോ;

(സി) രാഷ്ട്രീയ നേതാക്കളുടെ സന്ദർശനാനന്തരം ഏതെല്ലാം സെൻട്രൽ ജയിലുകളിലെ ഏതെല്ലാം ബ്ലോക്കുകളിൽ അസ്വസ്ഥതയുണ്ടാവുകയും അവിടെ നിന്നും അതിനടുത്തുള്ള സ്റ്റോറിൽ നിന്നും മാരകായുധങ്ങൾ, മദ്യക്കുപ്പികൾ, ബീഡിചാക്കുകൾ മുതലായവ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്;

(ഡി) പ്രസ്തുത ബ്ലോക്കുകൾ സന്ദർശിച്ച രാഷ്ട്രീയ നേതാക്കളാരെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മൊത്തം മൂന്ന് സെൻട്രൽ ജയിലുകളുണ്ട്. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നിവിടങ്ങളിലാണ്. ഈ ജയിലുകളിൽ അർഹരായ സന്ദർഭങ്ങളിൽ രാഷ്ട്രീയ നേതാക്കാൾക്ക് സന്ദർശനാനുമതി നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly